# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4210

25.06.2018-ലെ മറുപടി

### ചൂഴാറ്റുകോട്ട കുടിവെള്ള ശുദ്ധീകരണ പ്ലാന്റ്

ചോദ്യം
ശ്രീ.ഐ.ബി. സതീഷ്

മറുപടി
മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കാട്ടാക്കട മണ്ഡലത്തിലെ ചൂഴാറ്റുകോട്ട കുടിവെള്ള ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ജലവിതരണം നിരന്തരം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ കാരണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി യിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

**(എ)യും, (ബി)യും, (സി)യും**

ഉണ്ട്. പമ്പുകൾ തുടർച്ചയായി തകരാറിലാകുന്നതാണ് ജല വിതരണം തടസ്സപ്പെടുവാൻ കാരണം. ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കരാറുകാരെയും ഉൾപ്പെടുത്തി നിരവധി തവണ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പ്രശ്ന പരിഹാര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പമ്പുകളും മോട്ടോറുകളും യഥാസമയം അറ്റകുറ്റ പണികൾ നടത്തി ജനങ്ങൾക്ക് യാതൊരു വിധ ബുദ്ധിമുട്ടും കൂടാതെ ജലവിതരണം നടത്തുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി സത്വര നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. 2018-19 സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാകുന്നതിലേക്കായി 75 HP യുടേയും 25 HP യുടേയും പമ്പ് സെറ്റുകൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**